



# അൽപവിശ്വാസവും മലയെ മാറ്റുന്ന വിശ്വാസവും

(മത്തായി 17:14 – 21; ഫിലി. 3:1 – 11; ഏശയ്യാ 25:1 – 8; നിയ. 9:1 – 6)

ബ്ര. ജോസഫ് ജെ. ആര്യപ്പള്ളിൽ MCBS

Vol. 11, Issue: 19

മലമുകളിൽ തേജോമയനായ മോശ താഴ്വരയിലേയ്ക്ക് ഇറങ്ങിവരുമ്പോൾ വിശ്വാസം നഷ്ടപ്പെട്ട് വിഗ്രഹത്തെ ആരാധിക്കുന്ന ഇസ്രായേൽ ജനതയെ കാണുന്നതുപോലെ, പഴയനിയമത്തിന്റെ പൂർത്തീകരണമായ മിശിഹാ താബോർ മലയിൽ തന്റെ രൂപാന്തരീകരണത്തിനും മഹത്വീകരണത്തിനും ശേഷം താഴ്വരയിലേയ്ക്ക് ഇറങ്ങിവരുമ്പോൾ കാണുന്ന ദൃശ്യങ്ങളാണ് ഏലിയാ സ്ലീവാ മൂശാക്കാലം നാലാം ഞായറാഴ്ചയിലെ വിചിന്തനഭാഗം. സമാന്തരസുവിശേഷങ്ങളിൽ കാതലായ വ്യത്യാസങ്ങളില്ലാതെ രേഖപ്പെടുത്തിയിരിക്കുന്ന ഒരു സംഭവമാണ് ഈശോ അപസ്മാരരോഗിയെ സുഖപ്പെടുത്തുന്ന അത്ഭുതം. മറ്റ് സുവിശേഷകന്മാരിൽ നിന്നും വ്യത്യസ്തമായി രോഗവിമുക്തിയുടെ വിവരണത്തിന് വലിയ പ്രാധാന്യം നൽകാതെ, മലയെ മാറ്റുവാൻ പര്യാപ്തമായ വിശ്വാസത്തിന്റെ ആവശ്യകത പഠിപ്പിക്കുവാനാണ് മത്തായി ശ്ലീഹാ പരിശ്രമിക്കുന്നത്.

ഇന്നത്തെ സുവിശേഷഭാഗത്തിനു സമാനമായ സംഭവം 2 രാജാ. 4-ൽ കാണുവാൻ സാധിക്കും, ഷൂനേംകാരിയുടെ മകനെ ഉയിർപ്പിക്കുവാൻ വേണ്ടി ഏലിഷാ പ്രവാചകൻ തന്റെ ശിഷ്യനെ പറഞ്ഞുവിടുന്നു. ഏലിഷാ പ്രവാചകന്റെ വടി ശിഷ്യനായ ഗഹസി, കുട്ടിയുടെ മുഖത്ത് വച്ചെങ്കിലും കുട്ടി ജീവനിലേയ്ക്ക് തിരിച്ചുവന്നില്ല. എന്നാൽ, പിന്നീട് ഏലിഷാ പ്രവാചകൻ തന്നെ കുട്ടിയെ ജീവിപ്പിച്ചു.

ഏലിഷാ പ്രവാചകന്റെ വാക്കുകൾക്ക് സമ്പൂർണ്ണ വിശ്വാസം പ്രകടിപ്പിക്കാത്ത ഗഹസിയുടെ നിരയിലാണ് സുവിശേഷത്തിലെ ശിഷ്യന്മാരുടെ സ്ഥാനം. ദൈവത്തിലും ദൈവികശക്തിയിലും വിശ്വസിച്ച ഷൂനേംകാരിയുടെ നിരയിലാണ് തന്റെ പുത്രസൗഖ്യത്തിനായി യാചിക്കുന്ന പിതാവിന്റെ സ്ഥാനം.

ഇന്നത്തെ പഴയനിയമ-പുതിയനിയമ വായനകളിലും ഇതിനു സമാനമായ ദൃശ്യങ്ങളാണ് പ്രതിപാദിക്കുന്നത്. നിയമഗ്രന്ഥത്തിൽ, വിജയം കർത്താവിന്റെ ദാനമാണെന്നും വിജയം നൽകുന്ന കർത്താവിനോട് കൂടെ നിൽക്കണമെന്നും പഠിപ്പിക്കുന്നു. ഇത് തിരിച്ചറിഞ്ഞിട്ടും അനുദിന ജീവിതത്തിൽ പ്രാവർത്തികമാക്കുന്നതിൽ പരാജിതരായ ശിഷ്യന്മാരെയാണല്ലോ സുവിശേഷത്തിൽ കാണുവാൻ സാധിക്കുന്നത്. പ്രവാചകഗ്രന്ഥത്തിൽ പാവപ്പെട്ടവർക്ക് കോട്ടയും, ദരിദ്രന്റെ കഷ്ടതയിൽ അവന് ഉറപ്പുള്ളവനുമായ തമ്പുരാനെ ജീവിതത്തിൽ മുറുകെപ്പിടിക്കണമെന്ന് ഓർമ്മപ്പെടുത്തുന്നു. ക്രിസ്തു ഉറപ്പുള്ള കോട്ടയാണെന്നു വിശ്വസിച്ച പിതാവ് തന്റെ പ്രതിസന്ധികൾക്ക് ഉത്തരം കണ്ടെത്തുന്നുണ്ട്.

സുവിശേഷത്തിലെ പിതാവിന്റെ വിശ്വാസത്തോട് ചേർന്ന് വാ. ജോൺ ഹെൻറി ന്യൂമാന്റെ വാക്കുകൾ ചേർത്തുവയ്ക്കാം - ''മാനുഷികയുക്തിക്ക് അതീതമാണ് വിശ്വാസം.''

ഇന്നത്തെ സുവിശേഷഭാഗത്ത് രണ്ട് ദൃശ്യങ്ങളാണ് കാണുവാൻ സാധിക്കുന്നത്.

1) പരാജിതരാകുന്ന ശിഷ്യന്മാർ; 2) പുത്രസൗഖ്യത്തിനായി യാചിക്കുന്ന പിതാവ്.

സുവിശേഷത്തിലെ ശിഷ്യപരാജയത്തിന്റെ കാരണം അൽപവിശ്വാസമാണ്. അൽപവിശ്വാസമെന്നത് വിശ്വാസം ഒട്ടുമില്ലാത്ത അവസ്ഥയല്ല. അൽപവിശ്വാസി ദൈവത്തെയും ദൈവികശക്തിയെയും സംശയിക്കുന്നവനാണ്. അൽപവിശ്വാസി മുറിവൈദ്യനു സമനാണ്. മുറിവൈദ്യൻ ആളെ കൊല്ലുമെന്ന് പറഞ്ഞുകേട്ടിട്ടുള്ളതു പോലെ മുറിവൈദ്യന്മാരായ അൽപവിശ്വാസികൾ ജീവിതത്തിൽ പരാജയം നേരിടേണ്ടിവരുമെന്ന് ക്രിസ്തു ഓർമ്മിപ്പിക്കുന്നു.

അൽപവിശ്വാസികളായ ശിഷ്യന്മാരെ നോക്കി ക്രിസ്തു ആവശ്യപ്പെടുന്നത്, കടുകുമണിയോളം വിശ്വാസം ഉണ്ടാകണമെന്നാണ്. കടുകുമണി വിത്തുകളിൽ വളരെ ചെറുതാണ്. എന്നാൽ, അത് വളർന്നുകഴിയുമ്പോൾ വലിയ ഒരു മരമായിത്തീരുന്നു. ദൈവത്തിലാശ്രയിക്കുന്ന ഒരുവന് വിശ്വാസത്തിലൂടെ ലഭിക്കുന്ന പരിധിയില്ലാത്ത ശക്തിയെയും അതിന്റെ സാധ്യതകളെയുമാണ് ഇവിടെ ഉദ്ദേശിക്കുന്നത്.

ക്രിസ്തുവിശ്വാസികൾ അൽപവിശ്വാസികളാവാതെ അനേകർക്ക് വെളിച്ചം പകരുന്ന വഴിവിളക്കുകളാകേണ്ടവരാണ്. എന്നാൽ വിളക്ക് കരിന്തിരി കത്തിയാൽ അനേകർ ഇരുട്ടിൽ തപ്പിത്തടയാനും തട്ടിവീഴുവാനും ഇടയാകുമെന്ന് ഇന്നത്തെ സുവിശേഷഭാഗം ഓർമ്മപ്പെടുത്തുന്നു. ജർമ്മൻ ദൈവശാസ്ത്രജ്ഞൻ കാൾ റാനർ ഇപ്രകാരം പറഞ്ഞിട്ടുണ്ട്: ''ദൈവത്തിന്റെ ആഗ്രഹത്തോട് ജീവിതത്തെ ചേർത്തുനിർത്തുന്നതാണ് വിശ്വാസം.'' ദൈവത്തിന്റെ ആഗ്രഹത്തോട് നമ്മുടെ ജീവിതത്തെ ചേർത്തുവയ്ക്കുമ്പോൾ ജീവിതം കരിന്തിരി കത്തില്ല, പരാജിതന്റെ ഭവനമാകില്ല, അൾത്താരയിൽ നിന്നും ആരംഭിക്കുന്ന നമ്മുടെ ജീവിതം അപരന്റെ ജീവിതത്തിൽ അൽപം മിന്നാമിനുങ്ങ് വെട്ടമെങ്കിലും പകരുന്നതാകട്ടെ.

രണ്ടാമതായി, സുവിശേഷത്തിൽ പുത്രസൗഖ്യത്തിനായി യാചിക്കുന്ന പിതാവിനെ കാണുവാൻ സാധിക്കും. ബെനഡിക്ട് 16-ാമൻ മാർപാപ്പ 'സ്പേ സാൽവേ' എന്ന ചാക്രികലേഖനത്തിൽ വിശ്വാസത്തെ പ്രത്യാശയുടെ സത്ത എന്നാണ് വിശേഷിപ്പിക്കുന്നത്. സുവിശേഷത്തിലെ പിതാവിന്റെ ജീവിതം പ്രത്യാശ നിറഞ്ഞതായിരുന്നു. അതുകൊണ്ടാണ് മലകളെ മാറ്റുവാൻ പോന്ന വിശ്വാസം ആ പിതാവിൽ കാണുവാൻ കഴിയുന്നത്. മലകളെ മാറ്റുക എന്നത് ഹീബ്രു ഭാഷയിലെ ഒരു പ്രയോഗശൈലിയാണ്. വലിയ ബുദ്ധിമുട്ടുകളെയും പ്രതിസന്ധികളെയും തരണം ചെയ്യുക എന്നതാണ് ഈ പ്രയോഗത്തിന്റെ അർത്ഥം.

ജീവിതത്തിൽ വലിയ ബുദ്ധിമുട്ടുകളുണ്ടാകുമ്പോൾ സുവിശേഷത്തിലെ പിതാവ്, വിശ്വാസത്തിന്റെ കണ്ണുകളിലൂടെ ദൈവത്തെയാണ് അന്വേഷിക്കുന്നത്. കത്തോലിക്കാ സഭയുടെ യുവജന മതബോധനഗ്രന്ഥം പഠിപ്പിക്കുന്നത്, വിശ്വാസം ദൈവത്തിന്റെ സൗജന്യദാനമാണെന്നാണ്. ദൈവത്തിന്റെ സൗജന്യദാനമായ വിശ്വാസം ജീവിതത്തിലുണ്ടെങ്കിൽ മക്കൾ പ്രശ്നങ്ങളുടെ നടുക്കടലിൽ കഴിയുമ്പോൾ മാതാപിതാക്കൾക്ക് അവരെ അൾത്താരയുടെ തണലിലേയ്ക്ക് നയിക്കുവാൻ കഴിയും. മീവൽപക്ഷി അതിന്റെ കുഞ്ഞുങ്ങളെ അൾത്താരയുടെ തണലിൽ വളർത്തുന്നുവെന്ന സങ്കീർത്തനവചനം 'സെക്കുലർ മാതാപിതാക്കൾക്ക്' ഒരു മാതൃകയാവണം.

ഒരു കുഞ്ഞിന്റെ വിശ്വാസപരിശീലനത്തിന്റെ ആദ്യകളരി കുടുംബമാണ്. കുടുംബത്തിൽ നിന്നാണ് കടുകുമണിയോളം പോന്ന വിശ്വാസവിത്തുകൾ വിതയ്ക്കേണ്ടത്. കുടുംബത്തിലെ നല്ല മാതൃകകൾ കണ്ട് കുട്ടികൾ വളർന്നുവന്നാൽ വിശ്വാസം മന്ദീഭവിച്ച ഒരു യുവജനതയെ കാണേണ്ടിവരില്ല.

കൊറോണ എന്ന മഹാമാരിയെ അതിജീവിക്കുന്ന കാലഘട്ടത്തിലൂടെ കടന്നുപോകുമ്പോൾ വിശുദ്ധ കുർബാനയിൽ നിന്നും വിശ്വാസജീവിതത്തിൽ നിന്നും കുട്ടികൾ അകന്നുപോകുന്നുവെങ്കിൽ ബലിപീഠത്തിന്റെ തണലിൽ മക്കളെ വളർത്തുവാനും വിശ്വാസത്തിന്റെ കണ്ണിലൂടെ ജീവിക്കുവാൻ പഠിപ്പിക്കുവാനും മാതാപിതാക്കൾക്ക് കടമയുണ്ട്.

വിശ്വാസത്തിന്റെ ആഘോഷമാണ് വിശുദ്ധ കുർബാന. മാമ്മോദീസായിലൂടെ ആരംഭിക്കുന്ന വിശ്വാസജീവിതം പരിപോഷിപ്പിക്കപ്പെടുന്നത് വിശുദ്ധ കുർബാനയിലൂടെയാണെന്നാണ് സഭാപിതാക്കന്മാർ പഠിപ്പിക്കുന്നത്. ജീവിതത്തിൽ പ്രതിസന്ധികൾ ഉണ്ടാകുമ്പോൾ മാത്രം ദൈവത്തെ അലറിവിളിക്കുന്നവരാകാതെ എപ്പോഴും ദൈവത്തിൽ ആശ്രയിക്കുന്നവരാകുവാൻ നമുക്ക് പരിശ്രമിക്കാം. നമ്മുടെ വിശ്വാസജീവിതത്തിന്റെ കുറവുകളെ വിശുദ്ധിയുടെ ബലിപീഠത്തിനോട് ചേർത്തു സമർപ്പിക്കാം. തമ്പുരാൻ എല്ലാവരെയും അനുഗ്രഹിക്കട്ടെ.